## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4799** — **27.06.2014-ൽ മറുപടിക്ക്**

## നീര ഉല്പാദിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.കെ.നാണു**<br>**ശ്രീമതി ജമീല പ്രകാശം**<br>**ശ്രീ.ജോസ് തെറ്റയിൽ**<br>**ശ്രീ.മാത്യു റ്റി.തോമസ്** | **ശ്രീ.കെ.പി.മോഹനൻ**<br>**(കൃഷിയും, മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)** |
| എ) തെങ്ങിൽ നിന്നും നീര ഉല്പാദിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;<br><br>ബി) അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ? | എ) & ബി) സംസ്ഥാനത്ത് നീര ഉല്പാദനവും വിപണനവും സാധ്യമാക്കുന്നതിന് The Kerala State Toddy (NEERA) Rules 2014 പ്രാബല്യത്തിൽ വന്നിട്ടുണ്ട്. അതിൻ പ്രകാരം ബോണഫൈഡ് ജാഗ്ഗറി ഉല്പാദകർ കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് & മാർക്കറ്റിംഗ്) കോർപ്പറേഷൻ, നാളികേര വികസന ബോർഡിനു കീഴിലുള്ള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി/കമ്മിറ്റി, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്ക് നീര ഉല്പാദനത്തിനും വിപണത്തിനും അനുമതി നൽകിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് 16 യൂണിറ്റുകൾക്ക് നീര ലൈസൻസ് നൽകിയിട്ടുണ്ട്.<br><br>നാളികേര കർഷകർക്ക് മികച്ച വരുമാനം ഉറപ്പു വരുത്തുന്നതിന് ഉതകുന്ന നീരയുടെ ഉല്പാദനവും വാണിജ്യ അടിസ്ഥാനത്തിലുള്ള വിപണനവും നടത്തുന്നതിന് മുന്നോടിയായി കർഷകർക്ക് നീര ഉല്പാദനം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിന് സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നീര കർഷക സംഗമവും സെമിനാറും സംഘടിപ്പിച്ചിട്ടുണ്ട്. നീരയുടെ ഉല്പാദനവും വിതരണവും സംബന്ധിച്ച് പഠനം നടത്തുന്നതിന് എക്സൈസ് കമ്മീഷണർ ചെയർമാനായി ഉന്നതതല കമ്മിറ്റി രൂപീകരിച്ച് യോഗങ്ങൾ ചേരുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീര ഉല്പാദിപ്പിക്കുന്ന |

പദ്ധതി നടപ്പിലാക്കുവാൻ മൂന്ന് പൈലറ്റ് പ്രോജക്ടുകൾ ആരംഭിക്കുന്നതിന് 2013-14-ൽ 540 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഇതിൽ ആദ്യ ഗഡുവായ 45 ലക്ഷം രൂപ കാർഷിക സർവ്വകലാശാലയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. നീര ഉല്പാദനവും വിപണനവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഉറപ്പ് വരുത്തി കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായും നാളികേര നീര ബോർഡ് രൂപീകരിച്ചുകൊണ്ട് 13/05/2014-ലെ സ.ഉ.(എം.എസ്) 66/2014/നി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ